**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2326** **07-07-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഷാഫി പറമ്പിൽ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശസ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റിൽ സംസ്ഥാന സർക്കാർ നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന ഗ്രാന്റ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുമ്പോൾ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഗ്രാന്റ് ലഭിക്കുന്ന തീയതി മുതൽ 10 പ്രവൃത്തി ദിവസത്തിനുള്ളിൽ തുക പ്രാദേശിക സർക്കാരുകളുടെ PFMS അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അലോട്ട്മെന്റ് കത്തായി കണക്കാക്കി ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ച് അനുവദിച്ച തുക PFMS അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടത്. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ഒപ്പ് വച്ചതും ധനകാര്യ വകുപ്പ് സെക്രട്ടറി മേലൊപ്പ് വെച്ചതുമായ ഗ്രാന്റ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കണം. |
| (സി) | തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട ഗ്രാന്റുകളും സഹായങ്ങളും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2326**

**07/07/2022-ന് മറുപടി നൽകേണ്ടത്.**

**<u>തദ്ദേശസ്ഥാപങ്ങൾക്കുള്ള ഗ്രാന്റ്</u>**

**<u>ചോദ്യം</u>**

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. ടി. ജെ. വിനോദ്
ശ്രീ. ഷാഫി പറമ്പിൽ

**<u>മറുപടി</u>**

കെ.എൻ. ബാലഗോപാൽ
(ധനകാര്യ വകുപ്പ് മന്ത്രി)

| ക്രമ നം. | ചോദ്യം | മറുപടി |
|---|---|---|
| (എ) | മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശസ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ച ഗ്രാന്റിൽ സംസ്ഥാന സർക്കാർ നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ ; നിജസ്ഥിതി വ്യക്തമാക്കുമോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര സർക്കാരിൽ നിന്നും പ്രാദേശിക സർക്കാരുകൾക്ക് ലഭിക്കുന്ന ഗ്രാന്റ് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട് |
| (ബി) | മേൽപ്പറഞ്ഞ രീതിയിൽ കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുമ്പോൾ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിൽ എന്തെങ്കിലും | ഗ്രാന്റ് ലഭിക്കുന്ന തീയതി മുതൽ 10 പ്രവൃത്തി ദിവസത്തിനുള്ളിൽ തുക പ്രാദേശിക സർക്കാരുകളുടെ PFMS അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്. സംസ്ഥാന സർക്കാർ ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അലോട്ട്മെന്റ് കത്തായി കണക്കാക്കി ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ച് അനുവദിച്ച തുക PFMS അധിഷ്ഠിത ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടത്. തുടർന്ന് തദ്ദേശ |

| | | |
|---|---|---|
| | വീഴ്ച സംഭവിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | സ്വയംഭരണ വകുപ്പ് സെക്രട്ടറി ഒപ്പ് വച്ചതും ധനകാര്യ വകുപ്പ് സെക്രട്ടറി മേലൊപ്പ് വെച്ചതുമായ ഗ്രാന്റ് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പിന് ലഭ്യമാക്കണം. |
| (സി) | തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട ഗ്രാന്റുകളും സഹായങ്ങളും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ ? | ബാധകമല്ല |

**സെക്ഷൻ ഓഫീസർ**